എന്ന സ്ഥലത്തേക്ക് അനുവദിക്കണമെന്ന് പുരയിമല ട്രൈബൽ സ്കൂൾ ഹെഡ്മാസ്റ്റർ നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ ബസ് സർവ്വീസ് തുടങ്ങിയോ ;

(ഡി) ഇല്ലെങ്കിൽ ബസ് സർവ്വീസ് തുടങ്ങാതിരിക്കുന്നതിന്റെ കാരണമെന്താണ് ;

(ഇ) താൻമുക്കുവരെ പോകുന്ന ബസ് സർവ്വീസ് റോഡിന്റെ പണി തീർന്ന സാഹചര്യത്തിൽ മായം വരെ പഴയപടി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിമിതമായ വിഭവശേഷി വെച്ചുകൊണ്ട് പ്രസ്തുത റൂട്ടിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തൽക്കാലം നിർവ്വാഹമില്ല. എന്നാൽ നെയ്യാറിൻകരയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന "നെയ്യാറിൻകര അമ്പൂരി" ബസ് സർവ്വീസ് മായത്തേക്ക് നീട്ടുന്ന കാര്യം കോർപ്പറേഷന്റെ സജീവ പരിഗണനയിലുണ്ട്.

(സി) ഇല്ല.

(ഡി) ബി യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിശോധിക്കാം.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിലെ എസ്. സി./എസ്. ടി. പ്രാതിനിധ്യം

1378 [2059] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിൽ എസ്. സി./എസ്. ടി. പ്രാതിനിധ്യം നിശ്ചിത തോതിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രാതിനിധ്യം നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമിക്കുന്നതിനുള്ള ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) അപ്രകാരം നടപടി സ്വീകരിക്കുന്നതിനും നിയമനം നടത്തുന്നതിനും സാങ്കേതിക തടസ്സം വല്ലതുമുണ്ടോ ?

ഉത്തരം

(എ), (ബി) നിശ്ചിതതോതിൽ പ്രാതിനിധ്യമില്ലാത്തതുകാരണം സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ. എസ്. ആർ. ടി. സി. യിലെ നിയമനങ്ങൾക്കെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്. സ്റ്റേ നീക്കികിട്ടാൻ അടിയന്തിര നടപടികൾ എടുത്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക വീട് നിർമ്മാണ പദ്ധതി

1379 [2060] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി., എൻ്. ആർ. ഇ. പി. തുടങ്ങിയ പദ്ധതികൾക്ക് പുറമേ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക വീട് നിർമ്മാണ പദ്ധതി ഗ്രാമവികസന വകുപ്പ് ആവിഷ്കരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വീട് നിർമ്മാണ പദ്ധതിയുടെ പേരെന്താണെന്നു വ്യക്തമാക്കുമോ ;

(സി) പുതിയ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് വികസന ബ്ലോക്കിൽ വീടുകളുടെ നിർമ്മാണത്തിന് അനുവദിച്ച ഗോതമ്പ്

1380 [2061] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാലക്കാട് വികസനബ്ലോക്കിൽ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. വീടുകളുടെ നിർമ്മാണത്തിനു അനുവദിച്ച 668 ടൺ ഗോതമ്പ് മറിച്ചു വിറ്റതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു ഉത്തരവാദിയായ ബി. ഡി. ഒ. യുടെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) പരാതി ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിൻ്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പരാതിയിൻമേൽ പാലക്കാട് ജില്ലാകളക്ടർ അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അതിൻമേൽ കൂടുതൽ വിവരങ്ങൾ ജില്ലാകളക്ടറോട് ചോദിച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly